## ഉത്തരവാദപ്പെട്ടവർക്കും മൂപ്പന്മാർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

ഒക്ടോബർ 2024

പൊതുവിഷയം:

## ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്നു

ദൂത് അഞ്ച്

## ദൈവത്തിന്റെ സർവാധികാരത്തിൻ കീഴിലും ദൈവത്തിന്റെ കരുണയിൻപ്രകാരവും ജീവിക്കുന്നു

RM *Hymns*: ML 359

തിരുവെഴുത്ത് വായന: വെളി. 4:11; ദാനീ. 4:3, 34-35; റോമ. 9:15-16, 18-23; എബ്രാ. 4:16

വെളി. 4:11 ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു.

ദാനീ. 4:3 അവന്റെ അടയാളങ്ങൾ എത്ര വലിയവ! അവന്റെ അത്ഭുതങ്ങൾ എത്ര ശ്രേഷ്ഠമായവ! അവന്റെ രാജത്വം എന്നേക്കുമുള്ള രാജത്വവും അവന്റെ ആധിപത്യം തലമുറതലമുറയായുള്ളതും ആകുന്നു.

ദാനീ. 4:34 ആ കാലം കഴിഞ്ഞിട്ടു നെബൂഖദുനേസർ എന്ന ഞാൻ സ്വർഗ്ഗത്തേക്കു കണ്ണുയർത്തി എന്റെ ബുദ്ധിയും എനിക്കു മടങ്ങിവന്നു; ഞാൻ അത്യുന്നതനായവനെ വാഴ്ത്തി, എന്നേക്കും ജീവിച്ചിരിക്കുന്നവനെ സ്മരിച്ചു ബഹുമാനിക്കയും ചെയ്തു; അവന്റെ ആധിപത്യം എന്നേക്കുമുള്ള ആധിപത്യവും അവന്റെ രാജത്വം തലമുറതലമുറയായുള്ളതും അല്ലോ.

ദാനീ. 4:35 അവൻ സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു; സ്വർഗ്ഗീയസൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആർക്കും കഴികയില്ല.

റോമ. 9:15 എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും."

റോമ. 9:16 അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ.

റോമ. 9:18 അതുകൊണ്ട് അവൻ ഇച്ഛിക്കുന്നവനോട് അവന് കരുണ തോന്നുന്നു, അവൻ ഇച്ഛിക്കുന്നവനെ കഠിനപ്പെടുത്തുന്നു.

റോമ. 9:19 അപ്പോൾ നീ എന്നോട്, അവൻ പിന്നെയും കുറ്റം കണ്ടുപിടിക്കുന്നത് എന്ത്? അവന്റെ ഹിതത്തെ ആർ ചെറുത്തുനിൽക്കുന്നു? എന്ന് ചോദിക്കും.

റോമ. 9:20 ഹേ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത്

മനഞ്ഞവനോട്, നീ എന്നെ ഇങ്ങനെ ഉണ്ടാക്കിയത് എന്ത് എന്ന് ചോദിക്കുമോ?

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:22 ദൈവമോ, തന്റെ ക്രോധം പ്രകടിപ്പിക്കുവാനും തന്റെ ശക്തി അറിയിക്കുവാനും ഇച്ഛിച്ചുകൊണ്ട്, നാശത്തിന് യുക്തമായ ക്രോധപാത്രങ്ങളെ അധികം ദീർഘക്ഷമയോടെ സഹിച്ച്,

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

എബ്രാ. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

I. **ദൈവത്തിന്റെ സർവാധികാരത്തെക്കുറിച്ചുള്ള ഒരു ദർശനം നാം കാണുന്നത് വളരെ നിർണായകമാണ്—ദാനീ. 4:3, 34-35; റോമ. 9:18-23:**

ദാനീ. 4:3 അവന്റെ അടയാളങ്ങൾ എത്ര വലിയവ! അവന്റെ അത്ഭുതങ്ങൾ എത്ര ശ്രേഷ്ഠമായവ! അവന്റെ രാജത്വം എന്നേക്കുമുള്ള രാജത്വവും അവന്റെ ആധിപത്യം തലമുറതലമുറയായുള്ളതും ആകുന്നു.

ദാനീ. 4:34 ആ കാലം കഴിഞ്ഞിട്ടു നെബൂഖദ്നേസർ എന്ന ഞാൻ സ്വർഗ്ഗത്തേക്കു കണ്ണുയർത്തി എന്റെ ബുദ്ധിയും എനിക്കു മടങ്ങിവന്നു; ഞാൻ അത്യുന്നതനായവനെ വാഴ്ത്തി, എന്നേക്കും ജീവിച്ചിരിക്കുന്നവനെ സ്മരിച്ചു ബഹുമാനിക്കയും ചെയ്തു; അവന്റെ ആധിപത്യം എന്നേക്കുമുള്ള ആധിപത്യവും അവന്റെ രാജത്വം തലമുറതലമുറയായുള്ളതും അല്ലോ.

ദാനീ. 4:35 അവൻ സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു; സ്വർഗ്ഗീയസൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആർക്കും കഴികയില്ല.

റോമ. 9:18 അതുകൊണ്ട് അവൻ ഇച്ഛിക്കുന്നവനോട് അവന് കരുണ തോന്നുന്നു, അവൻ ഇച്ഛിക്കുന്നവനെ കഠിനപ്പെടുത്തുന്നു.

റോമ. 9:19 അപ്പോൾ നീ എന്നോട്, അവൻ പിന്നെയും കുറ്റം കണ്ടുപിടിക്കുന്നത് എന്ത്? അവന്റെ ഹിതത്തെ ആർ ചെറുത്തുനിൽക്കുന്നു? എന്ന് ചോദിക്കും.

റോമ. 9:20 ഹേ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട്, നീ എന്നെ ഇങ്ങനെ ഉണ്ടാക്കിയത് എന്ത് എന്ന് ചോദിക്കുമോ?

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:22 ദൈവമോ, തന്റെ ക്രോധം പ്രകടിപ്പിക്കുവാനും തന്റെ ശക്തി അറിയിക്കുവാനും ഇച്ഛിച്ചുകൊണ്ട്, നാശത്തിന് യുക്തമായ ക്രോധപാത്രങ്ങളെ അധികം ദീർഘക്ഷമയോടെ സഹിച്ച്,

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

A. സർവാധികാരം എന്നത് ദൈവത്തിന്റെ പരിധിയില്ലാത്ത അധികാരത്തെയും ശക്തിയെയും പദവിയെയും സൂചിപ്പിക്കുന്നു—വെളി. 4:11; 5:13:

വെളി. 4:11 ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു.

വെളി. 5:13 സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിന്മേലുള്ള സകല സൃഷ്ടിയും, അവയിലുള്ളതുമെല്ലാം, സിംഹാസനത്തിന്മേൽ ഇരിക്കുന്നവനും കുഞ്ഞാടിനും, അനുഗ്രഹവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു.

1. സർവാധികാരി എന്ന നിലയിൽ, ദൈവം എല്ലാറ്റിനും മേലും, എല്ലാറ്റിനും പിന്നിലും, എല്ലാത്തിലും ഉണ്ട്—1 രാജാക്കന്മാർ 22:19.

    1 രാജാ. 22:19 അതിന്നു അവൻ പറഞ്ഞതു: എന്നാൽ നീ യഹോവയുടെ വചനം കേൾക്ക: യഹോവ തന്റെ സിംഹാസനത്തിൽ ഇരിക്കുന്നതും സ്വർഗ്ഗത്തിലെ സൈന്യം ഒക്കെയും അവന്റെ അടുക്കൽ വലത്തും ഇടത്തും നില്ക്കുന്നതും ഞാൻ കണ്ടു.

2. തന്റെ ഹൃദയാഗ്രഹത്തിനും നിത്യവ്യവസ്ഥയ്ക്കും ഒത്തവണ്ണം താൻ ആഗ്രഹിക്കുന്നത് നടപ്പിലാക്കാൻ ദൈവത്തിന് പൂർണ കാര്യക്ഷമതയുണ്ട്—ദാനീ. 4:34-35; എഫെ. 1:4-5, 9-11.

    ദാനീ. 4:34 ആ കാലം കഴിഞ്ഞിട്ടു നെബൂഖദുനേസർ എന്ന ഞാൻ സ്വർഗ്ഗത്തേക്കു കണ്ണുയർത്തി എന്റെ ബുദ്ധിയും എനിക്കു മടങ്ങിവന്നു; ഞാൻ അത്യുന്നതനായവനെ വാഴ്ത്തി, എന്നേക്കും ജീവിച്ചിരിക്കുന്നവനെ സ്മരിച്ചു ബഹുമാനിക്കയും ചെയ്തു; അവന്റെ ആധിപത്യം എന്നേക്കുമുള്ള ആധിപത്യവും അവന്റെ രാജത്വം തലമുറതലമുറയായുള്ളതും അല്ലോ.

    ദാനീ. 4:35 അവൻ സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു; സ്വർഗ്ഗീയസൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആർക്കും കഴികയില്ല.

    എഫെ. 1:4 സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

    എഫെ. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

    എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

    എഫെ. 1:10 അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

    എഫെ. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും

പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

B. റോമർ 9:19-23 ദൈവത്തിന്റെ സർവാധികാരത്തെ പരാമർശിക്കുന്നു:

റോമ. 9:19 അപ്പോൾ നീ എന്നോട്, അവൻ പിന്നെയും കുറ്റം കണ്ടുപിടിക്കുന്നത് എന്ത്? അവന്റെ ഹിതത്തെ ആർ ചെറുത്തുനിൽക്കുന്നു? എന്ന് ചോദിക്കും.

റോമ. 9:20 ഹേ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട്, നീ എന്നെ ഇങ്ങനെ ഉണ്ടാക്കിയത് എന്ത് എന്ന് ചോദിക്കുമോ?

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:22 ദൈവമോ, തന്റെ ക്രോധം പ്രകടിപ്പിക്കുവാനും തന്റെ ശക്തി അറിയിക്കുവാനും ഇച്ഛിച്ചുകൊണ്ട്, നാശത്തിന് യുക്തമായ ക്രോധപാത്രങ്ങളെ അധികം ദീർഘക്ഷമയോടെ സഹിച്ച്,

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

1. “അവന്റെ ഹിതത്തെ ആർ ചെറുത്തുനിൽക്കുന്നു? ഹേ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട്, നീ എന്നെ ഇങ്ങനെ ഉണ്ടാക്കിയത് എന്ത് എന്ന് ചൊദിക്കുമോ?”—വാ. 19-20:

   a. നാം ആരാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്: നാം ദൈവത്തിന്റെ സൃഷ്ടികളാണ്, അവൻ നമ്മുടെ സ്രഷ്ടാവാണ്—യെശ. 42:5.

      യെശ. 42:5 ആകാശത്തെ സൃഷ്ടിച്ചു വിരിക്കയും ഭൂമിയെയും അതിലെ ഉല്പന്നങ്ങളെയും പരത്തുകയും അതിലെ ജനത്തിന്നു ശ്വാസത്തെയും അതിൽ നടക്കുന്നവർക്കു പ്രാണനെയും കൊടുക്കയും ചെയ്ത യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു:

   b. അവന്റെ സൃഷ്ടികളെന്ന നിലയിൽ, നാം അവന്റെ ഉദ്ദേശ്യത്തെ എതിർക്കുകയോ സ്രഷ്ടാവായ അവനോട് പ്രത്യുത്തരം പറയുകയോ അരുത്—റോമ. 9:20.

      റോമ. 9:20 ഹേ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട്, നീ എന്നെ ഇങ്ങനെ ഉണ്ടാക്കിയത് എന്ത് എന്ന് ചോദിക്കുമോ?

2. “കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?”—വാ. 21:

   a. ദൈവം കുശവനും, നാം അവന്റെ കയ്യിലെ കളിമണ്ണുമാണ്; കുശവനായ ദൈവം സർവാധികാരിയാണ്—യിരെ. 18:1-6.

      യിരെ. 18:1 യഹോവയിങ്കൽനിന്നു യിരെമ്യാവിന്നുണ്ടായ അരുളപ്പാടു എന്തെന്നാൽ:

      യിരെ. 18:2 നീ എഴുന്നേറ്റു കുശവന്റെ വീട്ടിലേക്കു ചെല്ലുക; അവിടെവെച്ചു ഞാൻ നിന്നെ എന്റെ വചനങ്ങളെ കേൾപ്പിക്കും.

യിരെ. 18:3 അങ്ങനെ ഞാൻ കുശവന്റെ വീട്ടിൽ ചെന്നപ്പോൾ അവൻ ചക്രത്തിന്മേൽ വേല ചെയ്തുകൊണ്ടിരുന്നു.

യിരെ. 18:4 കുശവൻ കളിമണ്ണുകൊണ്ടു ഉണ്ടാക്കിയ പാത്രം അവന്റെ കയ്യിൽ ചീത്തയായിപ്പോയി; എന്നാൽ കുശവൻ അതിനെ തനിക്കു തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു.

യിരെ. 18:5 അപ്പോൾ യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ:

യിരെ. 18:6 യിസ്രായേൽഗൃഹമേ, ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിങ്ങളോടു ചെയ്‌വാൻ കഴികയില്ലയോ എന്നു യഹോവയുടെ അരുളപ്പാടു; യിസ്രായേൽഗൃഹമേ, കളിമണ്ണു കുശവന്റെ കയ്യിൽ ഇരിക്കുന്നതുപോലെ നിങ്ങൾ എന്റെ കയ്യിൽ ഇരിക്കുന്നു.

b. കുശവൻ എന്ന നിലയിൽ നമ്മുടെ ദൈവത്തിന് നമ്മുടെ മേൽ സമ്പൂർണ അവകാശമുണ്ട്; നമ്മോടുള്ള ബന്ധത്തിൽ, അവൻ ആഗ്രഹിക്കുന്നതെന്തും ചെയ്യാനുള്ള അവകാശം അവനുണ്ട്—യെശ. 29:16; 64:8.

യെശ. 29:16 അയ്യോ, ഇതെന്തൊരു മറിവു! കുശവനും കളിമണ്ണും ഒരുപോലെ എന്നു വിചാരിക്കാമോ? ഉണ്ടായതു ഉണ്ടാക്കിയവനെക്കുറിച്ചു: അവൻ എന്നെ ഉണ്ടാക്കീട്ടില്ല എന്നും, ഉരുവായതു ഉരുവാക്കിയവനെക്കുറിച്ചു: അവന്നു ബുദ്ധിയില്ല എന്നും പറയുമോ?

യെശ. 64:8 എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവു; ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ;

c. ദൈവം ഇച്ഛിക്കുന്നുവെങ്കിൽ, അവന് ഒരു പാത്രം മാനത്തിനും മറ്റൊന്ന് അപമാനത്തിനും വേണ്ടി ഉണ്ടാക്കാൻ കഴിയും—റോമ. 9:21.

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

3. റോമർ 9:21-23 വെളിപ്പെടുത്തുന്നത്, തന്റെ മുൻനിർണയപ്രകാരം ദൈവം സർവാധികാരപരമായി നമ്മെ സൃഷ്ടിച്ചത് അവന്റെ പാത്രങ്ങളായിരിക്കാനാകുന്നു എന്നാണ്—2 കൊരി. 4:7; 2 തിമൊ. 2:20-21; എഫെ. 1:5, 11:

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:22 ദൈവമോ, തന്റെ ക്രോധം പ്രകടിപ്പിക്കുവാനും തന്റെ ശക്തി അറിയിക്കുവാനും ഇച്ഛിച്ചുകൊണ്ട്, നാശത്തിന് യുക്തമായ ക്രോധപാത്രങ്ങളെ അധികം ദീർഘക്ഷമയോടെ സഹിച്ച്,

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല

ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

2 തിമൊ. 2:20 എന്നാൽ ഒരു വലിയ വീട്ടിൽ സ്വർണവും വെള്ളിയും കൊണ്ടുള്ള പാത്രങ്ങൾ മാത്രമല്ല മരവും മണ്ണും കൊണ്ടുള്ളവയുമുണ്ട്; ചിലത് മാനത്തിനായും ചിലത് അപമാനത്തിനായും ആകുന്നു.

2 തിമൊ. 2:21 അതുകൊണ്ട് ഇവയിൽ നിന്ന് ആരെങ്കിലും തന്നെത്താൻ വെടിപ്പാക്കുന്നു എങ്കിൽ, അവൻ മാനത്തിനായി, വിശുദ്ധീകരിക്കപ്പെട്ട, യജമാനനു പ്രയോജനമുള്ള, സകല സൽപ്രവൃത്തിക്കും ഒരുക്കപ്പെട്ട ഒരു പാത്രമായിരിക്കും.

എഫെ. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

എഫെ. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

a. തന്നെത്തന്നെ ഉൾക്കൊള്ളാൻ കാരുണാപാത്രങ്ങളെ സൃഷ്ടിച്ചുകൊണ്ട് കുശവനായ അവൻ തന്റെ തേജസ്സിന്റെ ധനം അറിയിക്കുന്നത് ദൈവത്തിന്റെ സർവാധികാരത്താലാണ്—റോമ. 9:23.

    റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

b. മാനത്തിനുള്ള പാത്രങ്ങളാകുന്നത് നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലമല്ല; അത് ദൈവത്തിന്റെ സർവാധികാരത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്—വാ. 21.

    റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

c. ദൈവത്തിന്റെ സർവാധികാരം അവന്റെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമാണ്; അവന്റെ തിരഞ്ഞെടുപ്പ് അവന്റെ സർവാധികാരത്തെ ആശ്രയിച്ചിരിക്കുന്നു-വാ. 11, 18; 11:5, 28.

    റോമ. 9:11 മക്കൾ ഇതുവരെ ജനിക്കുകയോ, നന്മയോ തിന്മയോ ആയ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യാതെ തന്നെ (പ്രവൃത്തികളാൽ അല്ല വിളിക്കുന്നവനാലത്രേ എന്ന തിരഞ്ഞെടുപ്പിൻപ്രകാരമുള്ള ദൈവോദ്ദേശ്യം നിലനിൽക്കേണ്ടതിന്),

    റോമ. 9:18 അതുകൊണ്ട് അവൻ ഇച്ഛിക്കുന്നവനോട് അവന് കരുണ തോന്നുന്നു, അവൻ ഇച്ഛിക്കുന്നവനെ കഠിനപ്പെടുത്തുന്നു.

    റോമ. 11:5 അങ്ങനെ ഈ കാലത്തും അതേ രീതിയിൽ കൃപയുടെ

തിരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പ് നിലവിൽ വന്നിരിക്കുന്നു.

റോമ. 11:28 സുവിശേഷപ്രകാരം അവർ നിങ്ങൾ നിമിത്തം ശത്രുക്കൾ ആകുന്നു, എന്നാൽ തിരഞ്ഞെടുപ്പിൻപ്രകാരം അവർ പിതാക്കന്മാർ നിമിത്തം പ്രിയരാകുന്നു.

4. "തേജസ്സിനായി മുന്നൊരുക്കിയ കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്"—9:23:

a. തന്റെ തേജസ്സ് വെളിവാകേണ്ടതിന് തന്നെ ഉൾക്കൊള്ളുവാൻ അവൻ തിരഞ്ഞെടുത്തതും വിളിച്ചതുമായ കരുണാപാത്രങ്ങളെ ഉണ്ടാക്കാൻ തന്റെ സർവാധികാരത്തിൽ ദൈവത്തിന് അധികാരമുണ്ട്—വാ. 11, 18, 23-24.

റോമ. 9:11 മക്കൾ ഇതുവരെ ജനിക്കുകയോ, നന്മയോ തിന്മയോ ആയ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യാതെ തന്നെ (പ്രവൃത്തികളാൽ അല്ല വിളിക്കുന്നവനാലത്രേ എന്ന തിരഞ്ഞെടുപ്പിൻപ്രകാരമുള്ള ദൈവോദ്ദേശ്യം നിലനിൽക്കേണ്ടതിന്),

റോമ. 9:18 അതുകൊണ്ട് അവൻ ഇച്ഛിക്കുന്നവനോട് അവന് കരുണ തോന്നുന്നു, അവൻ ഇച്ഛിക്കുന്നവനെ കഠിനപ്പെടുത്തുന്നു.

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

റോമ. 9:24 യെഹൂദന്മാരുടെ ഇടയിൽനിന്ന് മാത്രമല്ല ജാതികളുടെ ഇടയിൽനിന്ന് നമ്മെയും അവൻ വിളിച്ചെങ്കിൽ എന്ത്?

b. അവന്റെ സർവാധികാരപരമായ അധികാരം അനുസരിച്ച്, അവൻ നമ്മെ തേജസ്സിനായി ഒരുക്കിയിരിക്കുന്നു—വാ. 23.

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

**II. "'എനിക്ക് കരുണ തോന്നുന്നവരോട് എനിക്ക് കരുണ തോന്നും'...അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ"—വാ. 15, 16:**

A. ദൈവത്തിന്റെ കൃപയും സ്നേഹവും കടന്നുചെല്ലുന്നതിലും അധികമായി കടന്നുചെന്നുകൊണ്ട് ദൈവത്തിന്റെ ഏറ്റവും ദൂരവ്യാപകമായ സദ്ഗുണമാണ് കരുണ—9:13:

മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

1. നമ്മുടെ സ്വാഭാവിക അവസ്ഥയനുസരിച്ച്, നാം ദൈവത്തിൽനിന്ന് വളരെ അകലെയായിരുന്ന്, അവന്റെ കൃപയ്ക്ക് തീർത്തും അയോഗ്യരായിരുന്നു; അവന്റെ കരുണ ലഭിക്കാൻ മാത്രമേ നാം യോഗ്യരായിരുന്നുള്ളൂ—എഫെ. 2:4.

എഫെ. 2:4 എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം,

2. മനുഷ്യന്റെ അനുസരണക്കേട് ദൈവത്തിന്റെ കരുണയ്ക്ക് ഒരു അവസരം നൽകുന്നു, ദൈവത്തിന്റെ കരുണ മനുഷ്യനെ രക്ഷയിലേക്ക് കൊണ്ടുവരുന്നു—റോമ. 11:32.

   റോമ. 11:32 ദൈവം എല്ലാവരോടും കരുണ കാണിക്കേണ്ടതിന് എല്ലാവരെയും അനുസരണക്കേടിൽ അടച്ചു വച്ചിരിക്കുന്നു.

B. നമ്മുടെ ധാരണ, ഇച്ഛിക്കുന്നവന് താൻ നേടാൻ ഇച്ഛിക്കുന്നത് നേടാൻ കഴിയുമെന്നും, ഓടുന്നവന് താൻ നേടാൻ ഓടുന്നത് നേടാനാകുമെന്നുമാണ്—9:16:

   റോമ. 9:16 അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ.

1. അങ്ങനെയാണെങ്കിൽ, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് നമ്മുടെ പ്രയത്നത്തിനും അധ്വാനത്തിനും ഒത്തവണ്ണമായിരിക്കും.
2. അതിനു വിരുദ്ധമായി, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് കരുണ കാണിക്കുന്ന ദൈവത്തിൽനിന്നാണ്; നാം ഇച്ഛിക്കുകയോ ഓടുകയോ ചെയ്യേണ്ടതില്ല, കാരണം ദൈവം നമ്മോട് കരുണ കാണിക്കുന്നു.
3. നമുക്ക് ദൈവത്തിന്റെ കരുണ അറിയാമെങ്കിൽ, നാം നമ്മുടെ പ്രയത്നത്തിൽ ആശ്രയിക്കുകയോ പരാജയങ്ങളിൽ നിരാശരാകുകയോ ചെയ്യില്ല; നമ്മുടെ ശോചനീയാവസ്ഥയ്ക്കുള്ള പ്രത്യാശ ദൈവത്തിന്റെ കരുണയിലാണ്—എഫെ. 2:4.

   എഫെ. 2:4 എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം,

C. നാം ദൈവത്തെ അവന്റെ പുതിയനിയമ വ്യവസ്ഥയിൽ സേവിക്കണമെങ്കിൽ, അത് പൂർണ്ണമായും ദൈവത്തിന്റെ സർവാധികാരപരമായ കാരുണയുടെ വിഷയമാണെന്ന് നാം അറിയണം—റോമ. 9:15-16; എബ്രാ. 4:16:

   റോമ. 9:15 എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും."

   റോമ. 9:16 അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ.

   എബ്രാ. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

1. നാം ദൈവത്തിന്റെ സർവാധികാരം അറിയുന്നുവെങ്കിൽ, നാം അവന്റെ സർവാധികാരപരമായ കാരുണയിൻ കീഴിലാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവന്റെ കരുണയ്ക്കായി അവനോട് നന്ദി പറയും—റോമ. 9:15:

   റോമ. 9:15 എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും."

   a. *സർവാധികാരപരമായ കരുണ* എന്ന പ്രയോഗം അർഥമാക്കുന്നത് ദൈവത്തിന്റെ കരുണ സമ്പൂർണമായും ദൈവത്തിന്റെ സർവാധികാരത്തിന്റെ വിഷയമാണെന്നാണ്.
   b. കാരുണാപാത്രമാകുന്നത് നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലമല്ല; അത് ദൈവത്തിന്റെ സർവാധികാരത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്—വാ. 18.

      റോമ. 9:18 അതുകൊണ്ട് അവൻ ഇച്ഛിക്കുന്നവനോട് അവന് കരുണ

തോന്നുന്നു, അവൻ ഇച്ഛിക്കുന്നവനെ കഠിനപ്പെടുത്തുന്നു.

c. നമ്മോടുള്ള ദൈവത്തിന്റെ കരുണ അവന്റെ സർവാധികാരത്തിലാണ്; നമ്മോടുള്ള ദൈവത്തിന്റെ കരുണയെ വിശദീകരിക്കാൻ നമുക്ക് പറയാൻ കഴിയുന്ന ഏക കാര്യം, അവന്റെ സർവാധികാരത്തിൽ, അവൻ നമ്മോട് കരുണയുള്ളവനായിരിക്കുവാനുള്ള തിരഞ്ഞെടുപ്പ് നടത്തി എന്നാണ്—വാ. 15-16, 23.

റോമ. 9:15 എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും."

റോമ. 9:16 അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ.

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

2. ദൈവത്തിന്റെ സർവാധികാരപരമായ കരുണയിൽ, നമ്മുടെ ഹൃദയങ്ങൾ അവങ്കലേക്ക് ചാഞ്ഞിരിക്കുന്നു; നമ്മോടുള്ള അവന്റെ കരുണ നിമിത്തം, നാം അനുദിനം അവനെ അന്വേഷിക്കുന്നു—യിരെ. 29:13; ആവ. 4:29; യെശ. 55:6.

യിരെ. 29:13 നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും.

ആവ. 4:29 എങ്കിലും അവിടെവെച്ചു നിന്റെ ദൈവമായ യഹോവയെ നീ തിരകയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ അന്വേഷിക്കയും ചെയ്താൽ അവനെ കണ്ടെത്തും.

യെശ. 55:6 യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ.

3. നമ്മോട് ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ദൈവത്തിന്റെ കാരുണയുടെ വിഷയമാണെന്ന് നാം എത്രയധികം കാണുന്നുവോ അത്രയധികം നാം കർത്താവിന്റെ മുമ്പാകെ നമ്മുടെ ഉത്തരവാദിത്തം വഹിക്കും; എങ്കിലും, ഉത്തരവാദിത്തം വഹിക്കാനുള്ള നമ്മുടെ സന്നദ്ധത പോലും അവന്റെ കരുണയാലാണ്.

4. മറ്റുള്ളവർ സുവിശേഷത്തോട് പ്രതികരിക്കാതിരുന്നപ്പോൾ ദൈവത്തിന്റെ കരുണ നിമിത്തം നാം പ്രതികരിച്ചു, ക്രിസ്തു ജീവനായിരിക്കുന്നതിനെ സംബന്ധിച്ച വാക്ക് മറ്റുള്ളവർ സ്വീകരിക്കാൻ വിസമ്മതിച്ചപ്പോൾ നാം സ്വീകരിച്ചു, മറ്റുള്ളവർ കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ മാർഗത്തിൽ നിന്ന് പിന്മാറിയപ്പോൾ നാം ഈ മാർഗം എടുത്തു.

5. അവന്റെ പ്രത്യുദ്ധാരത്തെ സംബന്ധിച്ചിടത്തോളം, ദൈവത്തിന് കരുണ തോന്നുന്നവനോട് അവന് കരുണ തോന്നും.

D. റോമർ 9 എല്ലാം ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്ന തത്ത്വം വെളിപ്പെടുത്തുന്നു—വാ. 15-16:

Rom 9 be omitted.

റോമ. 9:15 എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ

തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും."

റോമ. 9:16 അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ.

1. അവർക്ക് സംഭവിച്ചതെല്ലാം ദൈവത്തിന്റെ കാരുണയാലായിരുന്നുവെന്ന് നമുക്ക് കാണിച്ചുതന്നുകൊണ്ട് അപ്പൊസ്തലനായ പൗലൊസ് ഈ തത്ത്വം യിസ്രായേല്യർക്ക് പ്രയോഗിച്ചു—വാ. 16, 23.

   റോമ. 9:16 അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ.

   റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

2. ഒരു തവണയെങ്കിലും നാം ദൈവത്തിന്റെ കരുണ കാണുകയും നിശ്ചിതമായി അവന്റെ കരുണയെ സ്പർശിക്കുകയും വേണം—എഫെ. 2:4; മത്താ. 9:13:

   എഫെ. 2:4 എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം,

   മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

   a. ഈ വിഷയത്തെ സംബന്ധിച്ച്, നമ്മുടെ കണ്ണുകൾ ഒരിക്കലെങ്കിലും തുറക്കപ്പെടേണ്ടതുണ്ട്; എല്ലാം ദൈവത്തിന്റെ കാരുണയെ ആശ്രയിച്ചിരിക്കുന്നുവെന്ന് ഒരിക്കല്ലെങ്കിലും നാം കാണണം.
   b. നാം ഇത് ഒരിക്കലായി കണ്ടാലും, അല്ലെങ്കിൽ ഒരു പ്രക്രിയയിലൂടെ മനസ്സിലാക്കിയാലും, ഈ വിഷയത്തെ സ്പർശിക്കുന്ന നിമിഷം, നാം സ്പർശിക്കുന്നത് ഒരു അനുഭൂതിയെയല്ല, ഒരു വസ്തുതയെയാണ്; എല്ലാ കാര്യങ്ങളും ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് ഈ വസ്തുത.

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

**ദൈവത്തിന്റെ കരുണ**

**എല്ലാം ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു**

റോമർ 9 വായിക്കുമ്പോൾ, അതിന്റെ തത്വത്തിലും അതിന്റെ പ്രയോഗത്തിലും നാം ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാം ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്ന തത്വമാണ് ഈ അധ്യായം വെളിപ്പെടുത്തുന്നത്. അപ്പൊസ്തലൻ ഈ തത്ത്വം യിസ്രായേല്യർക്ക് ബാധകമാക്കുന്നു. യിസ്രായേല്യർക്കു സംഭവിച്ചതെല്ലാം ദൈവത്തിന്റെ കാരുണയാലാണെന്ന് അവൻ നമുക്ക് കാണിച്ചുതരുന്നു. ഇന്ന് നമ്മൾ പ്രയോഗത്തിൽ മാത്രമല്ല ശ്രദ്ധിക്കേണ്ടത് പ്രയോഗത്തിന്റെ പിന്നിലെ തത്വത്തിലും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

റോമർ 9:16 പറയുന്നു, "ഇച്ഛിക്കുന്നവനാലുമല്ല ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ." തീക്ഷണതയും പരിശ്രമവും കൊണ്ട് പ്രയോജനമില്ല. തീക്ഷ്ണതയുടെയും പരിശ്രമത്തിന്റെയും അഭാവവും ഒന്നിനും ഉപകരിക്കുന്നില്ല. ദീർഘനേരം കാത്തിരിക്കുക, വേണ്ടത്ര കാത്തിരിക്കാതിരിക്കുക, വളരെ വേഗത്തിൽ പ്രവർത്തിക്കുക, അല്ലെങ്കിൽ പെട്ടെന്ന് പ്രവർത്തിക്കാതിരിക്കുക—ഇവയൊന്നും

പ്രയോജനകരമല്ല. ഒരിടത്തല്ലെങ്കിൽ മറ്റൊരിടത്തായിരിക്കുക, അധികം കേൾക്കുകയോ കുറച്ച് കേൾക്കുകയോ ചെയ്യുക—ഇവയൊന്നും പ്രയോജനകരമല്ല. എല്ലാം ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യരെ ശരിയായ നിലയിലേക്ക് നയിക്കാൻ പരിശുദ്ധാത്മാവിനു മാത്രമേ കഴിയൂ. ഒരു വ്യക്തി ഒരു തവണയെങ്കിലും ദൈവത്തിന്റെ കാരുണയെ കാണണം. ഈ വിഷയത്തിൽ നമ്മുടെ കണ്ണുകൾ ഒരിക്കലെങ്കിലും തുറക്കപ്പെടണം. തീർച്ചയായും, നമ്മുടെ കണ്ണുകൾ ഒന്നിലധികം തവണ തുറക്കപ്പെടാൻ കഴിയുമെങ്കിൽ അത് നല്ലതാണ്. എന്നാൽ എല്ലാം ദൈവത്തിന്റെ കാരുണയെ ആശ്രയിച്ചിരിക്കുന്നു എന്ന് നാം കാണുന്ന ഒരു സമയമെങ്കിലും ഉണ്ടായിരിക്കണം. നമ്മൾ ഈ കാര്യം ഒറ്റയടിക്ക് കണ്ടാലും അല്ലെങ്കിൽ ഒരു പ്രക്രിയയിലൂടെ മനസ്സിലാക്കിയാലും, ഈ വിഷയത്തെ സ്പർശിക്കുന്ന നിമിഷം, എല്ലാം ദൈവത്തിന്റെ കാരുണയെ ആശ്രയിച്ചിരിക്കുന്നു എന്ന വസ്തുത—ഒരു അനുഭൂതിയല്ല, ഒരു വസ്തുതയാണ്.

ദൈവത്തിന്റെ കരുണ ഒരു വസ്തുതയാണ്. ഒരു വസ്തുത അനുഭൂതിയെ ആശ്രയിക്കുന്നില്ല. വീണ്ടുംജനനത്തിന്റെ കാര്യം ഉദാഹരണമായി എടുക്കുക. പാപികളോട് നമ്മൾ പലപ്പോഴും പറയാറുണ്ട്, അവർക്ക് അനുതപിക്കുന്നതിന്റെയും കർത്താവിൽ വിശ്വസിക്കുന്നതിന്റെയും ഒരു നിശ്ചിത അനുഭവം ഉണ്ടായിരിക്കണം എന്ന്. വിശ്വാസികളോട്, അവർ കർത്താവിന് ഒരിക്കലായി തങ്ങളെത്തന്നെ നിശ്ചിതമായി സമർപ്പിക്കണമെന്ന് നാം പറയുന്നു. ദൈവത്തിന്റെ കരുണയെക്കുറിച്ചുള്ള മനുഷ്യന്റെ ഗ്രാഹ്യത്തിന്റെ കാര്യത്തിലും ഇത് തത്വത്തിൽ ഒന്നുതന്നെയാണ്. ഒരു വ്യക്തി ഒരു തവണയെങ്കിലും നിശ്ചിതമായി ദൈവത്തിന്റെ കാരുണയെ സ്പർശിക്കണം.

**മനസ്സ്, വികാരം, ഇച്ഛ എന്നിവയോട് ഇടപെടേണ്ടതിന്റെ ആവശ്യകത—**
**ആത്മാവിന്റെ ശിക്ഷണത്തിൻകീഴിൽ പാകപ്പെടുന്നു**

മൂന്ന് തരത്തിലുള്ള ആളുകൾക്ക് ദൈവത്തിന്റെ ഇടപെടലുകൾ ആവശ്യമാണ്: തങ്ങളുടെ ഇച്ഛയിൽ ശക്തരായവർ, തങ്ങളുടെ വികാരത്തിൽ ശക്തരായവർ, തങ്ങളുടെ മനസ്സിൽ ശക്തരായവർ. ഈ മൂന്ന് അവസ്ഥകളാണ് പലരെയും നിയന്ത്രിക്കുന്നത്. ഈ മൂന്നു കാര്യങ്ങളും ദൈവത്തിന്റെ തകർച്ച അനുഭവമാക്കണം. ദൈവം മനുഷ്യന്റെ ബലഹീനതകളോട് ഇടപെടുന്നതിനേക്കാൾ കൂടുതൽ അവന്റെ ശക്തമായ കാര്യങ്ങളോട് ഇടപെടുന്നു. മനുഷ്യന്റെ ബലഹീനതകളേക്കാൾ ആത്മിക പുരോഗതിയിൽ നിന്ന് അവനെ പലപ്പോഴും തടസ്സപ്പെടുത്തുന്നത് അവന്റെ ശക്തമായ കാര്യങ്ങളാണ്. ഈ മൂന്ന് മേഖലകളിലും ഇടപെടൽപ്രാപിക്കാത്തിടത്തോളം, ഒരു മനുഷ്യന് ദൈവത്തിന്റെ കരുണ അറിയാൻ കഴിയില്ല.

ഒരു മനുഷ്യനെ ദൈവത്താൽ ഇടപെടൽപ്രാപിച്ചശേഷം, അവൻ അവന്റെ ആത്മിക ജീവിതത്തിൽ പാകപ്പെടും. പലതിലും ഒന്നുകിൽ കൂടുതലോ കുറവോ ആയിരിക്കുന്നത് അനുചിതമാണ്. ചിലർ വളയേറെ കാത്തിരിക്കുന്നു, മറ്റുചിലർ വേണ്ടത്ര കാത്തിരിക്കുന്നില്ല. ഇതിനെല്ലാം പാകപ്പെടൽ ആവശ്യമാണ്. ചില ആളുകൾക്ക് അവരുടെ അകത്തെ മനുഷ്യനിൽ വേണ്ടത്ര ശക്തരല്ല; അവരുടെ പുറത്തെ മനുഷ്യൻ വളരെ ശക്തമാണ്. ഇത് ഒരു മനുഷ്യന്റെ തല ശരീരത്തിന്റെ നാലിലൊന്നോ ശരീരത്തിന്റെ പതിനാറിലൊന്നോ എടുക്കുന്നതുപോലെയാണ്; അത് ആനുപാതികമല്ല. ശരിയായ അനുപാതം ശരീരത്തിന്റെ ഏഴിലൊന്ന് ആയിരിക്കണം. ചിലർ അവരുടെ മനസ്സിൽ വളരെ ശക്തരാണ്. മറ്റുള്ളവർ അവരുടെ വികാരത്തിലോ ഇച്ഛയിലോ വളരെ ശക്തരാണ്. അവരുടെ അകത്തെ മനുഷ്യൻ വേണ്ടത്ര ശക്തമല്ല. ഈ അവസ്ഥകൾക്ക് പാകപ്പെടൽ ആവശ്യമാണ്.

ഒരിക്കൽ ഞാൻ ചൈന ഇൻലാൻഡ് മിഷന്റെ ഒരു നേതാവിനെ സഹോദരൻ ടി. ഓസ്റ്റിൻ-സ്പാർക്ക്സ് പറയുന്നത് കേൾക്കാൻ കൊണ്ടുപോയി. സന്ദേശത്തിന് ശേഷം മറ്റുള്ളവർ ഇപ്പോൾ നൽകിയ സന്ദേശത്തെക്കുറിച്ച് ചോദിക്കും. എന്നാൽ

ഈ സഹോദരനോടൊപ്പം വീട്ടിലേക്കുള്ള യാത്രയിൽ ഞാൻ അവനോട് ഒന്നും ചോദിച്ചില്ല. അവസാനം അവൻ വായ് തുറന്നു. സഹോദരൻ ഓസ്റ്റിൻ-സ്പാർക്ക്സ് തന്റെ ഇച്ഛയിൽ വളരെ ശക്തനാണെന്ന് അദ്ദേഹത്തിന് തോന്നി. എന്റെ ഇച്ഛയും വളരെ ശക്തമാണെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഈ നേതാവ്, മിസ്റ്റർ ബേക്കർ ചോദിച്ചു, "പിന്നെ നിങ്ങൾക്ക് എങ്ങനെ അവനുമായി ഒത്തുപോകാൻ കഴിയുന്നു?" ബാഹ്യമായി തങ്ങളുടെ ഇച്ഛയിൽ ശക്തരായവർ മറ്റുള്ളവരുമായി എളുപ്പത്തിൽ ചേർന്നുപോകില്ല. എന്നാൽ നമ്മുടെ ബാഹ്യമായ ഇച്ഛ നിമിത്തമല്ല, നമ്മുടെ ആന്തരിക മനുഷ്യൻ നിമിത്തമാണ് നാം ഒന്നായിരിക്കുന്നതെന്ന് ഈ സഹോദരൻ തിരിച്ചറിഞ്ഞില്ല. ഇന്ന്, നമ്മുടെ അകത്തെ മനുഷ്യൻ നമ്മുടെ പുറത്തെ മനുഷ്യനോട് പൊരുത്തപ്പെടുന്നതിന്, നമ്മുടെ അകത്തെ മനുഷ്യൻ വളരണം. അകത്തെ മനുഷ്യൻ വളരുമ്പോൾ അതിനു പുറത്തെ മനുഷ്യനെ നിയന്ത്രിക്കുവാൻ കഴിയും.

ചിലർ അവരുടെ മനസ്സിൽ വളരെ ശക്തരാണ്. അവരുടെ മനസ്സ് അകത്തെ മനുഷ്യന്റെ നിയന്ത്രണത്തിൽ കീഴിൽ വരേണ്ടതുണ്ട്. ഞാൻ പുതിയനിയമം നൂറിൽ കൂടുതൽ തവണ വായിച്ചിട്ടുണ്ട്. എല്ലാവരേക്കാളും കൂടുതൽ തവണ ഞാൻ ഇത് വായിച്ചുവെന്ന് എനിക്ക് പറയാൻ കഴിയില്ലെങ്കിലും, പലരേക്കാൾ കൂടുതൽ ഞാൻ ഇത് വായിച്ചിട്ടുണ്ടെന്ന് എനിക്ക് പറയാൻ കഴിയും. പരസ്പര വിരുദ്ധമായ നൂറിലധികം ഭാഗങ്ങൾ എനിക്ക് കണ്ടെത്താൻ കഴിഞ്ഞു. എന്നിരുന്നാലും, ഞാൻ ഇത് ചെയ്തിട്ടില്ല, കാരണം എന്റെ മനസ്സ് പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലായിരുന്നു.

നമ്മുടെ ആത്മിക ജീവിതം നല്ലതുപോലെ പാകപ്പെടണമെങ്കിൽ, നമ്മുടെ അവസ്ഥയെ ശരിയായ സന്തുലിതാവസ്ഥയിലേക്ക് നാം ക്രമപ്പെടുത്തണം. നാം അധികമായിപോകുകയോ കുറവായിപോകുകയോ അരുത്. ഒരു പിൻബോൾ മെഷീനിലെ ഷൂട്ടിംഗുമായി ഇതിനെ താരതമ്യം ചെയ്യാം; ഇടത്തോട്ടും വലത്തോട്ടും പിന്നുകൾ ഉണ്ട്, പന്തുകൾ സ്കോർ ചെയ്യുന്നതിന് ഏറ്റവും അനുകൂലമായ വശത്തേക്ക് നയിക്കണം. നമ്മുടെ ആത്മിക യാത്രയിൽ നിരവധി ചതിക്കുഴികൾ ഉണ്ട്; നമ്മുടെ മനസ്സും വികാരവും ഇച്ഛയും എല്ലാം നമുക്ക് തടസ്സമായിത്തീരാം. നമ്മൾ അധികമായിപോകുകയോ കുറവായിപോകുകയോ ചെയ്താൽ, നമ്മൾ അപകടത്തിലേക്ക് വീഴുന്നു.

എല്ലാം ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു. ഞാൻ രക്ഷിക്കപ്പെടുന്നതിന് മുമ്പ്, ഞാൻ അമേരിക്കയിലേക്ക് പോകാൻ പദ്ധതിയിട്ടിരുന്നു. രണ്ട് മാസം മുമ്പ് ഞാൻ പോയിരുന്നെങ്കിൽ, ഞാൻ സഹോദരി ഡോറ യുവിനെ കാണുമായിരുന്നില്ല, ഞാൻ ഒരുപക്ഷേ ഒരിക്കലും രക്ഷിക്കപ്പെടുമായിരുന്നില്ല. മറ്റൊരു അവസരം കിട്ടിയിരുന്നെങ്കിൽ പോലും ഞാൻ വിശ്വസിക്കുമായിരുന്നില്ല. ആ സമയത്ത് ഞാൻ സഹോദരി ഡോറ യുവിനെ കണ്ടുമുട്ടിയത് ദൈവത്തിന്റെ കരുണയായിരുന്നു. അത് വളരെ നേരത്തെയോ വൈകിയോ ആയിരുന്നില്ല.

ശരിയായ അനുപാതത്തിൽ കാര്യങ്ങൾ ചെയ്യാൻ ദൈവത്തിന് മാത്രമേ കഴിയൂ. ഒന്നുകിൽ അമിതമായോ അല്ലെങ്കിൽ അല്പമായോ സംസാരിക്കാൻ നാം പ്രവണത കാണിക്കുന്നു. എല്ലാവരുടെയും ആവശ്യങ്ങൾ സന്ധിക്കുന്ന ഒരു ദൂത് ആർക്കും പ്രസംഗിക്കാനാവില്ല. അപ്പൊസ്തലനായ പൗലൊസോ അപ്പൊസ്തലനായ പത്രൊസോ പോലും ഇതേ പ്രശ്നം നേരിട്ടു. ഒരു വ്യക്തിയുടെ വായിൽ നിന്ന് വാക്കുകൾ പുറപ്പെടുമ്പോൾ, വാക്കുകൾ ശരിയായി പുറത്തുവരാൻ പ്രയാസമാണ്. അതുകൊണ്ടാണ് ആളുകൾക്ക് തെറ്റിദ്ധരിക്കാൻ എളുപ്പമാകുന്നത്.

മനുഷ്യനെ യഥാർഥ താഴ്മയുടെ അവസ്ഥയിലേക്ക് കൊണ്ടുവരാൻ ദൈവത്തിന് മാത്രമേ കഴിയൂ. ചിലപ്പോൾ ഒരു ചെറിയ ക്രൂശും ചെറിയ ഇടപെടലുകളും ഒരു വ്യക്തിയെ താഴ്മയുള്ളവനാക്കുന്നതിനു പകരം നിഗളിയാക്കുന്നു. കഠിനമായ

ക്രൂശുകൾക്കും കഠിനമായ ഇടപെടലുകകൾക്കും മാത്രമേ ഒരു വ്യക്തിയെ താഴ്മയുള്ളവനാക്കുവാൻ കഴിയുകയുള്ളൂ.

ചില ആളുകൾ വളരെ ആത്മികരാണ്; കർത്താവ് നമ്മുടെ ആത്മാവിൽ മാത്രമേ വസിക്കുന്നുള്ളൂ എന്ന് അവർ കരുതുന്നു. എന്നാൽ ക്രിസ്തു വിശ്വാസത്തിലൂടെ നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു എന്ന് എഫെസ്യർ 3 പറയുന്നു. അവൻ നമ്മുടെ ആത്മാവിൽ മാത്രമല്ല, നമ്മുടെ ഹൃദയത്തിലും വസിക്കുന്നു. ഇത് ഒരു വ്യക്തിക്ക് അനുഭവമാക്കാൻ കഴിയുന്ന ഒന്നാണ്. ക്രിസ്തു വിശ്വാസികളിൽ വസിക്കുന്നു എന്ന് യോഹന്നാൻ 15 പറയുന്നു, എന്നാൽ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു എന്ന് അവിടെ പറയുന്നില്ല. എഫെസ്യർ 3-ൽ മാത്രമേ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കുന്നുവെന്നു പറയുന്നുള്ളൂ. ചില ആളുകൾ വളരെ ആത്മികരാണ്. ഹൃദയത്തിന് വലിയ പ്രാധാന്യമില്ലെന്ന് അവർ കരുതുന്നു. എന്നിരുന്നാലും, പല സങ്കീർത്തനങ്ങളും ഹൃദയത്തെക്കുറിച്ച് സംസാരിക്കുന്നു. ആത്മിക കാര്യങ്ങളിൽ പാകപ്പെടുന്നതിന്, ആത്മാവിനെ മാത്രമല്ല, നമ്മുടെ ഹൃദയത്തെയും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

**സഭയുടെ വഴി—ദൈവത്തിന്റെ കരുണയ്ക്കായി നോക്കുന്നു**

കഴിഞ്ഞ രണ്ടായിരം വർഷത്തിലെ സഭയുടെ വഴി ദൈവത്തിന്റെ കരുണയ്ക്കായി നോക്കുന്ന വഴിയാണ്. ദൈവത്തിന്റെ കാരുണക്കു മാത്രമേ നമ്മെ പാകപ്പെടുത്തുവാൻ കഴിയൂ. എല്ലാം ദൈവത്തിന്റെ കാരുണയാലാണെന്ന് തിരിച്ചറിയുവാൻ അവർ അഞ്ച് വർഷം കാത്തിരിക്കേണ്ടി വരുമെന്ന് ഞാൻ പലപ്പോഴും ചെറുപ്പക്കാരോട് പറഞ്ഞിട്ടുണ്ട്. ഒരു വ്യക്തിക്ക് ശരാശരി ഒരുലക്ഷത്തി നാൽപതിനായിരം മുടിയുണ്ട്. ദൈവം നമ്മുടെ ഓരോ മുക്കും അക്കമിട്ടിരിക്കുന്നുവെന്ന് ബൈബിൾ പറയുന്നു. നമുക്ക് നമ്മെത്തന്നെ അറിയാവുന്നതിനേക്കാൾ അവൻ നമ്മെ അറിയുന്നു. ദൈവം നമ്മെ രക്ഷിക്കാൻ ആഗ്രഹിച്ചൾ നാം രക്ഷിക്കപ്പെട്ടു. ദൈവം കരുണ കാണിച്ചില്ലെങ്കിൽ ആരു രക്ഷിക്കപ്പെടുമായിരുന്നില്ല. ഒരിക്കൽ ഡി.എൽ. മൂഡി സുവിശേഷം പ്രസംഗിക്കുകയായിരുന്നു, ഒരു സ്ത്രീ രക്ഷിക്കപ്പെടാൻ പോകുകയായിരുന്നു. ആ നിമിഷം ഒരു കുട വീണു ശ്രദ്ധ വ്യതിചലിപ്പിച്ചു. ഒടുവിൽ യുവതി രക്ഷപ്പെട്ടില്ല. ഒരു മനുഷ്യനെ രക്ഷിക്കാൻ കഴിയുമോ ഇല്ലയോ എന്നത് പ്രസംഗകന്റെ ഉത്തരവാദിത്തമല്ല. പ്രഭാഷകന്റെ ഉത്തരവാദിത്തം മറ്റുള്ളവർക്ക് വഴി കാണിക്കുക എന്നതാണ്. ദൈവത്തിന്റെ കാരുണയ്ക്ക് മാത്രമേ ഒരാളെ വഴിയിൽ കൊണ്ടുവരാൻ കഴിയൂ. ഒരു വ്യക്തിയെ വഴിയിൽ കൊണ്ടുവരുന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. മനുഷ്യരെ വഴിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതും ദൈവം തന്നെയാണ്. (*The Collected Works of Watchman Nee, vol.* 57, *pp.* 3-6)